ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഈ സെഷനിൽതന്നെ ഈ ചോദ്യത്തിനു് ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

(എ) ഉണ്ടു്.

(ബി) അങ്ങനെ ഒരു പരാതി ഉണ്ടായിട്ടുണ്ടു്.

ശ്രീ. ശിവരാമനാശാരി: ചെങ്കോട്ടയിലെ ലേഡി ഡാക്ടറെപ്പറ്റി പരാതിയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഒരു പരാതി ഉണ്ടായിരുന്നു. അതു് അന്വേഷിക്കുവാൻ സർജൻ ജനറലിനോടു ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: പുരുഷ ഡാക്ടർമാർ സ്ത്രീ രോഗികളെ ചികിത്സിക്കുന്നതു സംബന്ധിച്ചു് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയില്ല. ചില ആശുപത്രികളിൽ ലേഡി ഡാക്ടറന്മാർ ആവശ്യമുണ്ടെന്നുകാണിച്ചു് അപേക്ഷ കിട്ടിയിട്ടുണ്ടു്

നഗരബത്ത

* ൧൧൨൯. (൧൭) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ തിരുവിതാംകൂർ ചീഫ് ഓഫീസിലെ ഉദ്യോഗസ്ഥന്മാർക്കു നഗരബത്ത എന്നപേരിൽ അലവൻസു കൊടുക്കുന്നുണ്ടോ;

(ബി) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ ഏതെങ്കിലും സ്ഥലത്തു നഗരബത്ത കൊടുത്തിട്ടുണ്ടോ;

(സി) അങ്ങിനെ കൊടുത്തിട്ടുണ്ടെങ്കിൽ അതു് ഏതു തത്വത്തെ അടിസ്ഥാനമാക്കി കൊടുത്തു എന്നു പഠയുവാൻ ദയവുണ്ടാകുമോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഈ സെഷനിൽതന്നെ ഒന്നാം–ാം നമ്പർ ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുണ്ടു്. ബഹു. മെമ്പർ തന്നെ ചോദിച്ചിട്ടുള്ളതാണു്.

സപ്ലീസ് സംയോജനം

* ൧൧൨൮. (൧൮) സാഹിബു് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സപ്ലീസ് സംയോജനം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) സപ്ലീസിലുള്ള വിഷമതകൾ നിമിത്തം.

സാഹിബു് ബഹദൂർ എ. എം. മുസ്തഫാ: ഈ സപ്ലീസ് സംയോജനം പൂർത്തിയാക്കാത്തതുകൊണ്ടു് സപ്ലീസിൽ അസംതൃപ്തിയുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ. തീർക്കാത്തതു് അവർക്കു് ഇഷ്ടമായ ഒരു സംഗതി അല്ലെന്നറിയാം.

LIBRARY ARCHIVES Kerala Legislative Assembly

സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: സപ്ലീസ് സംയോജനം പൂർത്തിയാക്കാൻ പുതിയ പദ്ധതി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഈ സംഗതിയിൽ ശരിയായ ഒരു അവസാന തീരുമാനം ചെയ്യുന്നതിനു് വ്യവസ്ഥകളും ചെയ്യുന്നുണ്ടു്. ആ വിവരം ഈ സെഷനിൽത്തന്നെ പറഞ്ഞിട്ടുണ്ടു്. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിലും പറഞ്ഞിട്ടുള്ളതാണു്. തിരുവിതാംകൂർ–കൊച്ചിയിൽ പ്രത്യേക താല്പര്യമില്ലാത്തവരും ശരിയായ ഇൻടഗ്രിറ്റി ഉണ്ടെന്നു് സമ്മതിക്കപ്പെട്ടിട്ടുള്ളവരും ആയ ഏതെങ്കിലും ഒരാളിന്റെ മേൽനോട്ടത്തിൽ ഈ പ്രശ്നം വയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണു്.

സഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: അങ്ങനെയുള്ള ആളിനെ നിയമിച്ചുകഴിഞ്ഞിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: പ്രസ്താവന കഴിഞ്ഞിട്ടു് ഒരു മാസം കഴിഞ്ഞിട്ടും ഇതുവരെ നിയമിക്കാത്തതു് എന്തുകൊണ്ടാണു്?

Mr. Speaker: No discussion is allowed.

സാഹിബ്ബ് ബഹദൂർ കെ. എ. മുഹമ്മദു്: ഈ ആവശ്യത്തിലേക്കു് മി. സുന്ദരത്തിനെ നിയമിച്ചു എന്നു പറയുന്നതു് ശരിയാണോ?

ശ്രീ. സി. കേശവൻ: മി. സുന്ദരം ഇന്ത്യാഗവൺമെണ്ടു് സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥനാണു്. അദ്ദേഹത്തെ ഇന്ത്യാഗവൺമെണ്ടു് ചില കാര്യങ്ങൾ അന്വേഷിക്കാനായിട്ടു് അയച്ചിരിക്കുകയാണു്. ആ കൂട്ടത്തിൽ അദ്ദേഹം ഇതും നോക്കി എന്നേയുള്ളു. അല്ലാതെ അദ്ദേഹത്തെ നിയമിച്ചിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: കൺഫർമേഷൻ സംബന്ധിച്ചാണോ ഗ്രേഡേഷൻ സംബന്ധിച്ചാണോ വിഷമതകളുള്ളതു്?

ശ്രീ. സി. കേശവൻ: രണ്ടിനെസംബന്ധിച്ചുമുണ്ടു്.

ശ്രീ. എ. താണുപിള്ള: മി. സുന്ദരത്തെ നിയമിച്ചതാരാണു്?

ശ്രീ. സി. കേശവൻ: ഇന്ത്യാഗവൺമെണ്ടു് അയച്ചതാണു്. മറ്റു സംഗതികളുടെ കൂട്ടത്തിൽ ഈ സംഗതിയും നോക്കാനായി അയച്ചിട്ടുണ്ടു്.

ശ്രീ. എം. ഐ. പോഥം: അദ്ദേഹത്തിനു് ഈ ശുപാർശയ്ക്കുവേണ്ടിൽനിന്നും വല്ല ശമ്പളവും കൊടുക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

Sri. P. S. Nataraja Pillai: Is it a fact that the State Department of the Government of India is going to do the integration for this State?

Sri. C. Kesavan: No.

ആയിരത്തിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർ

*ക്ക ക്കാ ൽ (ക്ക൯) സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ദയവു മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി പബ്ലിക്ക് സപ്ലീസ് കമ്മീഷനിൽ ആയിരത്തിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ആകെ എണ്ണം എത്ര;

(ബി) അവരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക പ്രസ്താവിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly